LIBRARY·ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ചെറുകിട തുറമുഖങ്ങളുടെ വികസനം സംബന്ധിച്ച പ്രോജക്ട് റിപ്പോർട്ടുകൾ പൂർത്തിയായിട്ടില്ല.

(ബി) പ്രോജക്ട് റിപ്പോർട്ടുകൾ ലഭിച്ചാലെ പറയുവാൻ കഴിയുള്ളു.

(സി) തീരുമാനിച്ചിട്ടില്ല.

(ഡി) അഴീക്കൽ തുറമുഖത്തിന്റെ വികസനത്തിന് യൂനിവേഴ്സൽ കോയെൻകോ ഗ്രൂപ്പും പുഞ്ചല്ലോയ്ട് എന്ന കമ്പനിയും ബേപ്പൂർ തുറമുഖ വികസനത്തിനായി കോഴിക്കോട് ആസ്ഥാനമായ പാരിസൺസ് ഗ്രൂപ്പും താത്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

II ശ്രദ്ധക്ഷണിക്കൽ

(1) കയർ സഹകരണസംഘങ്ങളുടെ പുനരുദ്ധാരണം

ശ്രീ. ടി. കെ. ദേവകുമാർ : സർ, ഞാൻ കയർ മേഖലയിലെ സഹകരണ പ്രസ്ഥാനത്തിന്റെ ഇന്നത്തെ സ്ഥിതി സ യുടെ ശ്രദ്ധയിൽ കൊണ്ടുവരാനാണ് ആഗ്രഹിക്കുന്നത്. കഴിഞ്ഞ മാർച്ചുമാസം ആറാം തീയതി വകുപ്പുമന്ത്രിയും തൊഴിൽ വകുപ്പുമന്ത്രിയുംകൂടി പങ്കെടുത്തു കൊണ്ട് നടന്ന ഹൈലെവൽ കോൺഫറൻസിന്റെ തീരുമാനങ്ങൾ പ്രാവർത്തികമാക്കുന്നതിൽ ഗവൺമെന്റ് മതിയായ ഗൗരവം കാണിക്കുന്നില്ല എന്നതാണ് അനു വത്തിൽ ബോധ്യപ്പെട്ടിട്ടുള്ളത്. അന്ന് സഹകരണ സംഘത്തിന്റെ പുനരുദ്ധാരണത്തെ സംബന്ധിച്ച് ഒരു പ്രത്യേക സ്ക്കീം, ഓരോ സംഘത്തിന്റേയും ആവശ്യങ്ങൾ എന്താണെന്ന് പരിശോധിച്ചിട്ട് പുനരുദ്ധാരണ സ്ക്കീം തയ്യാറാക്കാം എന്നായിരുന്നു അന്ന് അവിടെ നൽകിയിരുന്ന ഒരു ഉറപ്പ്. വിവിധ സാമ്പത്തിക ഏജൻസികൾവഴി പണം കണ്ടെത്തിയിട്ട്. സംഘങ്ങളുടെ പുനരുദ്ധാരണം ഉറപ്പുവരുത്താമെന്നായിരുന്നു അന്ന് ആ കോൺഫറൻസിൽ ഉറപ്പുണ്ടായത്. എന്നാൽ നിലവിലിരുന്ന പുനരുദ്ധാരണ പദ്ധതി സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ട് തുടരാൻ കഴിഞ്ഞതുമില്ല ; പുതിയ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംഘങ്ങളുടെ പുനരുദ്ധാരണത്തിനുള്ള പരിശ്രമം ആരംഭിക്കുവാൻ ഇതുവരെ കയർ വികസന ഡയറക്ടറേറ്റിൽനിന്നും പരിശ്രമങ്ങൾ ഉണ്ടായിട്ടുമില്ല എന്നത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. എന്നു മാത്രമല്ല, ബഹുമാനപ്പെട്ട മന്ത്രി, സഹകരണസംഘങ്ങളുടെ വ്യവസായ നഷ്ടങ്ങൾ തിട്ടപ്പെടുത്തി ആ വ്യവസായ നഷ്ടം ഭരണസമിതി അംഗങ്ങളുടെ പക്കൽനിന്നും ഈടാക്കുന്നതിനുള്ള നോട്ടീസ് ഇന്ന് പ്രോജക്ട് ഓഫീസുകളിൽനിന്ന് പോയിക്കൊണ്ടിരിക്കുകയാണ്. സഹകരണ സംഘങ്ങൾക്കുണ്ടാകുന്ന വ്യാവസായിക നഷ്ടം ഭരണസമിതി

9.30 A.M.]

അംഗങ്ങളിൽനിന്നും ഈടാക്കുന്നതിനുള്ള നോട്ടീസ് പോകുക എന്നുപറയുന്നത് ശരിയാണോ എന്നതും അത് എങ്ങനെപോയി എന്നതിനെ സംബന്ധിച്ചും ബഹുമാനപ്പെട്ട മന്ത്രി പരിശോധന നടത്തണം. കാരണം കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ മാറി മാറി വന്ന ഗവൺമെന്റുകളുടെയൊക്കെ സാമ്പത്തിക സഹായത്തിന്റെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തി പ്രവർത്തിച്ചു വന്നതുമൊക്കെ നൂറുകണക്കിന് കോടി രൂപ നഷ്ടം വരുത്തിയിട്ടുണ്ട്. അന്നത്തെ തുക അനുവദിച്ച മന്ത്രിമാരുടെ പേരിലോ അന്ന് അതൊക്കെ ചെലവഴിച്ച ഈ ചെയർമാൻമാരുടെ പേരിലോ എം.ഡി. മാരുടെ പേരിലോ ഒന്നും നടപടി സ്വീകരിക്കുന്ന സമീപനം ഇതുവരെ കേരളത്തിൽ ഉണ്ടായിട്ടില്ല. അതിൽനിന്നും വ്യത്യസ്തമായ സ്ഥിതി കയർ സഹകരണസംഘം മേഖലയിൽ ഇന്ന് ഉണ്ടായിരിക്കുന്നു. പ്രോജക്ട് ഓഫീസർമാരോട് കയർ സംഘങ്ങളുടെ നഷ്ടം തിട്ടപ്പെടുത്തിയിട്ട് അത് ഭരണസമിതി അംഗങ്ങൾ അടയ്ക്കുവാനായിട്ട്, അതിനകത്ത് കക്ഷി വ്യത്യാസമൊന്നുമില്ല. കോൺഗ്രസ്സിന്റെയും എൽ.ഡി.എഫിന്റെയും കയർ സഹകരണ സംഘങ്ങളുടെ ഭരണ സമിതി അംഗങ്ങൾക്ക് നോട്ടീസ് അയച്ചുകൊടുത്തിരിക്കുന്നു. എന്ന ഗൗരവതരമായ സ്ഥിതി വിശേഷമുണ്ട്. അതുകൊണ്ട് അടിയന്തിരമായി ഈ കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുള്ള പരിശ്രമം കയർ വികസന ഡയറക്ടറേറ്റിന്റെ കീഴിൽ ആരംഭിക്കുവാൻ തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. അതുപോലെതന്നെ മാർക്കറ്റിംഗ് ഡവലപ്മെന്റ് അസിസ്റ്റൻസ്, എം.ഡി.എ. പ്രൈമറി സംഘങ്ങൾക്ക് കൊടുത്തിരുന്നു എന്നുള്ളതിന്റെ പേരിൽ പത്തുശതമാനം പർച്ചേസ് പ്രൈസ് കയർഫെഡ് കുറച്ചിരുന്നു. അന്നത്തെ കോൺഫറൻസിന്റെ തീരുമാനമനുസരിച്ച് എട്ട് ശതമാനം കയർഫെഡിന് തിരിച്ചു കൊടുക്കാമെന്നുള്ള സമീപനം സ്വീകരിക്കുകയും ചെയ്തിരുന്നു. പക്ഷേ കയർ ഫെഡ് ആ മുൻകാല കുടിശ്ശിക കൊടുക്കാമെന്ന് അന്ന് എഗ്രിമെന്റ് ചെയ്തിരുന്നുവെങ്കിലും ഇതുവരെ ആ പണം കൊടുക്കുവാൻ തയ്യാറായിട്ടില്ല. കയർ ഫെഡ് കയർ വാങ്ങിയിട്ടുള്ളതിലെ മുൻ കുടിശ്ശിക വിഹിതം കൊടുക്കുന്നതിനും കയർഫെഡിന് പത്തുശതമാനം വച്ചുള്ള എം.ഡി.എ. ലഭ്യമാക്കുന്നതിനുമുള്ള പരിശ്രമം അടിയന്തിരമായി ഉണ്ടാകുകയും മുൻകാല കുടിശ്ശിക കൊടുക്കുവാൻ, ആ ഒരു ഉറപ്പ് പാലിക്കുവാൻ ഗവൺമെന്റ് കയർഫെഡ് ഭരണ സമിതിയോട് ആവശ്യപ്പെടുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റൊന്ന് എനിക്ക് ചൂണ്ടിക്കാണിക്കുവാനുള്ളത്, ഐ.സി.ഡി.പി പദ്ധതി പ്രകാരം യന്ത്രവത്ക്കരണം നടപ്പിലാക്കിയ സഹകരണ സംഘങ്ങളാകെ ഇന്ന് കുഴപ്പത്തിലാണ്. കാരണം മിനിമം ഗ്യാരന്റി വച്ചായിരുന്നു ഇലക്ട്രിക് കണക്ഷൻ എടുത്തത്. ഏഴായിരം രൂപ മുതൽ ഓരോ മാസവും മിനിമം ഗ്യാരന്റിയാണ്. ഈ മിനിമം ഗ്യാരന്റി വച്ചിരിക്കുന്ന ഇലക്ട്രിക് കണക്ഷനുള്ള സ്ഥാപനങ്ങളിന്ന് പ്രവർത്തനക്ഷമമല്ല. അത് ബഹുമാനപ്പെട്ട ഗൗരിയമ്മയ്ക്കും ബോധ്യമുള്ളതാണ്. ഐ.സി.ഡി.പി സംഘങ്ങൾ പ്രവർത്തിക്കുന്നില്ലാ എങ്കിലും ഇലക്ട്രിസിറ്റി ഡിസ്കണക്ട് ചെയ്തെങ്കിലും ഇവിടെ ഇപ്പോൾ കറന്റ് ചാർജ്ജിന്റെ പേരിൽ നടപടി സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്. അത് ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നു. കെ.എസ്.ഇ.ബി. യുമായി ചർച്ച ചെയ്യാമെന്നും

LIBRARY ARCHIVES Kerala Legislative Assembly

ഉപയോഗിച്ച കറന്റിന്റെ പൈസ അടയ്ക്കാത്തതുകൊണ്ട് പലിശയും പിഴപ്പലിശയും ഒഴിവാക്കി ഉപയോഗിക്കാത്ത കറന്റിന്റെ ചാർജ്ജ് ഈടാക്കുവാനുള്ള നടപടിയെല്ലാം ഒഴിവാക്കുമെന്നും അങ്ങ് ഉറപ്പ് നൽകിയിരുന്നു. ബഹുമാനപ്പെട്ട മന്ത്രി വൈദ്യുതി മന്ത്രിയുമായി ബന്ധപ്പെടാനും ഐ.സി.ഡി.പി സംഘങ്ങളുടെ മേൽ ഇന്ന് കറന്റ് ചാർജ്ജിന് മിനിമം ഗ്യാരന്റി വച്ചുകൊണ്ടുള്ള നടപടിക്രമം പുനഃപരിശോധിക്കുവാനും ഒന്ന് ശ്രമിക്കണം. അതുപോലെതന്നെ ഡി.എഫ് രംഗം. മലബാർ മേഖലയിൽ സ്ഥാപിച്ചിട്ടുള്ള ഡിഫൈബറിംഗ് യൂണിറ്റുകളെല്ലാം തന്നെ യന്ത്രവത്കരണത്തിന്റെ അപാകത കാരണം ഇന്ന് പ്രവർത്തിക്കുന്നില്ല. ചകിരി നമ്മൾ വിദേശ രാജ്യങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കണമെന്ന് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ചകിരി സ്കേഴ്സിറ്റി വലിയ പ്രശ്നമാണ്. അതുകൊണ്ട് ഡി.എഫ് തെക്കൻ കേരളത്തിൽക്കൂടെ കൊടുക്കാനും അതിന് തയ്യാറുള്ള ആളുകൾക്കൊക്കെത്തന്നെ ഡി.എഫ് കൊടുക്കുകയും മലബാർ മേഖലയിലെ ഡി.എഫിന്റെ പ്രവർത്തങ്ങൾ പുനഃസംവിധാനം ചെയ്ത് ആ മേഖലയിൽ ചകിരി ഉല്പാദിപ്പിക്കുകയും അത് നമ്മുടെ കയർ സഹകരണസംഘങ്ങൾക്കും ഫാക്ടറി മേഖലയ്ക്കും കൊടുക്കുകയും ചെയ്യണം. അതുപോലെതന്നെ കയർ ഫാക്ടറി സഹകരണ സംഘങ്ങൾ. പ്രോവിഡന്റ് ഫണ്ടും ഗ്രാറ്റിവിറ്റിയും ബോണസും ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ കൊടുക്കുന്ന ഈ സ്ഥാപനങ്ങളൊക്കെത്തന്നെ ഇന്ന് വമ്പൻ പ്രതിസന്ധിയിലാണ്. നേരത്തേ കയർഫെഡ് 75 ശതമാനംവരെ കയർവില ക്രെഡിറ്റായിട്ട് അവർക്ക് കൊടുക്കുകയും കയർഫെഡും കയർ കോർപ്പറേഷനും ഇവരുടെ പ്രൊഡക്ട്സ് തിരിച്ച് വാങ്ങിയിട്ട് പ്രോഡക്ടിന്റെ വിലയിൽ ഈ കയറിന്റെ വില വയ്ക്കുകയും ചെയ്യുന്ന ഒരു സ്ക്കീമുണ്ടായിരുന്നു. ആ സ്ക്കീം ഉൾപ്പെടെ ഇന്ന് നിർത്തിയിരിക്കുന്നു. ഈ ഫാക്ടറി മേഖലയിലെ സംഘങ്ങൾ ആകെത്തന്നെ ഇന്ന് നിലനില്പിനെ നേരിട്ടുകൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ ബഹുമാനപ്പെട്ട ഗൗരിയമ്മ ശ്രദ്ധിക്കുവാൻവേണ്ടി ഞാൻ പറയുന്നു ജൂട്ട്, സൈസൽ, പ്ലാസ്റ്റിക് തുടങ്ങിയ സാധനങ്ങൾ ഇന്ന് ഈ മേഖലയിൽ കടന്നുവന്നിരിക്കുകയാണ്. യാതൊരു സേവന-വേതന വ്യവസ്ഥയും ആ കാര്യത്തിൽ ഇല്ല. അതുകൊണ്ട് ഈ ഫാക്ടറി സംഘങ്ങൾക്ക് എല്ലാംതന്നെ നിലവിലിരിക്കുന്ന ക്രഡിറ്റ് സംവിധാനം നിലനിർത്താനും അതുപോലെതന്നെ ഫാക്ടറി സംഘങ്ങളിലെ ജൂട്ട്, സൈസൽ, പ്ലാസ്റ്റിക് തുടങ്ങിയ പുതിയ ഉല്പന്നങ്ങൾ കടന്നു വരുമ്പോൾ അതിന്റെ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് വേലയ്ക്കും കൂലിയ്ക്കും വ്യവസ്ഥയുണ്ടാക്കുന്ന ഒരു സമീപനംകൂടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ബഹുമാനപ്പെട്ട ഗൗരിയമ്മ മന്ത്രി ആയിരിക്കുമ്പോൾ നടന്ന ഒരുകാര്യം. കോടതിയുടെ പരിഗണനയിൽ ഇരിക്കുന്നതുകൊണ്ട് ഞാനത് പറയുന്നില്ല. പക്ഷേ ഗൗരിയമ്മ അത് പരിശോധിക്കുവാൻ തയ്യാറാകണം. വളരെ ഹീനമായ ഒരു സമീപനമാണ് കയർഫെഡിന്റെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഉണ്ടായത്. ബഹുമാനപ്പെട്ട ഗൗരിയമ്മ മന്ത്രി ആയിരിക്കുമ്പോൾ ഇങ്ങനെ ഉണ്ടാകരുതായിരുന്നു. സംഘത്തിന് അയച്ചുതന്ന പ്രതിനിധി പത്രത്തിന്റെ കവർ പൊട്ടിച്ചപ്പോൾ അതിനകത്ത് വെള്ള പേപ്പർ ആണിരുന്നത്. ഞാൻ പറയുന്നത് സംശയമുണ്ടെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

കായംകുളം ബ്ലോക്ക് കമ്മിറ്റി പ്രസിഡന്റ് സോമനോട് ബഹുമാനപ്പെട്ട ഗൗരിയമ്മ ചോദിച്ചാൽ അദ്ദേഹത്തിന്റെ അനു വം വ്യക്തമാക്കും. കവർ പൊട്ടിച്ചപ്പോൾ വെള്ള പേപ്പർ. ബഹുമാനപ്പെട്ട ഗൗരിയമ്മ മന്ത്രി ആയിരിക്കുമ്പോൾ അത് നടക്കാൻ പാടില്ലായിരുന്നു എന്നു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ.ആർ. ഗൗരിയമ്മ) : സർ, പറഞ്ഞത് നന്നായി. കയറിനെ സംബന്ധിച്ച് ഈ നിയമസ യിൽ ഈ പ്രാവശ്യം ചർച്ച നടന്നില്ല. അതുകൊണ്ടാണ് അദ്ദേഹമത് നീട്ടിപ്പറഞ്ഞത്.

മി. സ്പീക്കർ : You still have a soft corner for him.

ശ്രീമതി കെ.ആർ. ഗൗരിയമ്മ : സർ, കയർ വ്യവസായ സഹകരണ സംഘങ്ങൾ ഏതാണ്ട് എണ്ണൂറ്റി ചില്വാനം ഉള്ളതിൽ ഞങ്ങൾ പരിശോധിച്ചതിൽ വയബിൾ ആക്കാൻ സാധിക്കുമെന്ന് കാണുന്നത് 134 ആണ്. ഇത് പുനഃസംഘടിപ്പിക്കുന്നതിന് സഹകരണസംഘങ്ങൾക്ക് സ്ഥലം വാങ്ങാൻ കാശ് കൊടുക്കും. കെട്ടിടം വയ്ക്കാൻ കാശു കൊടുക്കും. മെഷിനറി വാങ്ങാൻ കാശ് കൊടുക്കും. വർക്കിംഗ് ക്യാപിറ്റൽ കൊടുക്കും, Electricity charge കൊടുക്കും വേണമെങ്കിൽ കയർ ഉല്പാദിപ്പിക്കാൻ ചകിരി കൊണ്ടു വരുന്നതിന് ട്രാൻസ്പോർട്ടിംഗ് ചാർജ്ജ് കൊടുക്കും. എങ്കിലും എല്ലാ സംഘങ്ങളും നഷ്ടമാണ്. എൻ.സി.ഡി.സി.യുടെ വായ്പ വാങ്ങിയിട്ട് ഒരിക്കലും പണം തിരികെ അടച്ചിട്ടില്ല. എൻ.സി.ഡി.സി പണം തരുന്നത് വേണ്ട എന്നുവച്ച് ഏതായാലും ഗവൺമെന്റ് ഇനിഷ്യേറ്റ് ചെയ്തതിന്റെ അടിസ്ഥാനത്തിൽ എൻ.സി.ഡി.സി പുനരുദ്ധാരണത്തിന്, വയബിൾ യൂണിറ്റുകൾക്ക് ലോൺ തരാമെന്ന് ഏറ്റിട്ടുണ്ട്. ഇപ്രാവശ്യം ഗവൺമെന്റ് അതിനായിട്ട് അൻപതു ലക്ഷം രൂപ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ട്. അതിന് 10-72003-ൽ ഒരു കോൺഫറൻസ് Industries Secretary ജോൺ മത്തായി വിളിച്ചുകൂട്ടി. അതിൽ ഏതെല്ലാം സംഘങ്ങൾ പുനരുദ്ധരിക്കാമെന്നുള്ളതിനെ സംബന്ധിച്ച് ലിസ്റ്റെടുത്ത് അതിനാവശ്യമായിട്ടുള്ള നടപടികൾ എടുക്കുന്നുണ്ട്. ആ കൂട്ടത്തിൽ ലിക്വിഡേറ്റ് ചെയ്ത സംഘങ്ങളായിരിക്കും എന്നാണ് എനിക്കു തോന്നുന്നത്. മറ്റുള്ളവരിൽനിന്ന് പണം ഈടാക്കാനുള്ള നടപടി, ഏതായാലും ഞാൻ അതിനെപ്പറ്റി അന്വേഷിക്കാം. ഇങ്ങനെ ഓരോരുത്തർക്കും നോട്ടീസ് കൊടുത്തിരുന്നോ എന്നുള്ളത് എനിക്കറിയില്ല. ലിക്വിഡേറ്റ് ചെയ്ത സംഘങ്ങൾ ചിലപ്പോൾ ഓരോരുത്തരുടെ ബാധ്യത തീർക്കുന്നതിനുവേണ്ടി അന്നത്തെ ഭരണക്കാരുടെ പേരിൽ, ഇപ്പോഴല്ല, പഴയ കാലത്തും നടപടി വരും. അതല്ലെങ്കിൽ അത് പരിശോധിച്ച് ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കാം. രണ്ടാമത് പറഞ്ഞത് മറ്റ് നടപടികൾ ഹൈലെവൽ കമ്മിറ്റി എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടില്ല എന്നുള്ള വിധത്തിലായിരുന്നു. അതിൽ പ്രത്യേകം പറയുന്നത് എം.ഡി.എ.യുടെ കാര്യമാണ്. നേരത്തെ ഒരു കോൺഫറൻസിൽ ഉണ്ടായിരുന്ന തീരുമാനം പത്ത് ശതമാനം എം.ഡി.എ. കയർഫെഡിന് കൊടുക്കണം, കയർഫെഡ് അതിൽ എട്ട് ശതമാനം അധിക വിലയായി സാധാരണ സഹകരണസംഘങ്ങൾക്ക് കയർ വാങ്ങുമ്പോൾ കൊടുക്കണമെന്നായിരുന്നു. എന്നാൽ കേന്ദ്രത്തിൽ നിന്ന് ആ പണം മുഴുവൻ പ്രൈമറി സഹകരണ സംഘങ്ങൾക്ക് കൊടുക്കണമെന്ന നിർദ്ദേശത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിൽ ആ വിധത്തിൽ മാറ്റപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പത്ത് പണം നേരത്തേകൊടുത്ത് ഈ തുകയിൽ അഡ്ജസ്റ്റ് ചെയ്യാൻ പറഞ്ഞിട്ടുണ്ട്. ആ വിധത്തിൽ അതിന്റെ ബുദ്ധിമുട്ടുകൾ സഹകരണസംഘങ്ങൾക്ക് ഉണ്ടാകില്ല. വില നിലവാരത്തിൽ മറ്റൊരു ബുദ്ധിമുട്ടും ഉണ്ടായിട്ടില്ല. കേരളത്തിലാണ് ഏറ്റവും കൂടുതൽ തേങ്ങ ഉല്പാദിപ്പിക്കുന്നത്. പക്ഷേ ഇന്ന് നമ്മൾ ചകിരിക്ക് ആശ്രയിക്കുന്നത് തമിഴ്നാടിനെയാണ്. നമ്മൾ എടുത്ത തെറ്റായ ഒരു നടപടിയുടെ ഫലമാണ്. മനുഷ്യൻ മാറുകയും കാലത്തിനനുസൃതമായ വിധത്തിൽ ജീവിതത്തിലും പ്രവൃത്തിയിലുമൊക്കെ മാറ്റം വരുമ്പോൾ നമ്മൾ പഴയ കാലത്തെപ്പോലെതന്നെ സ്ത്രീകൾ തൊണ്ട് തല്ലുമെന്നുള്ള ധാരണയിൽ അവിടെയുണ്ടായിരുന്ന മെഷീനുകളൊക്കെ തല്ലിപ്പൊട്ടിച്ചുകൊണ്ടുനടന്നു. തമിഴ്നാട്ടുകാർ ചകിരിതല്ലുന്ന മെഷീനുകളുണ്ടാക്കി ചകിരിതല്ലിച്ച് ഇന്ന് ചകിരി അവരുടെ കുത്തകയാക്കി. സഹകരണ സംഘങ്ങളുടെ അടിസ്ഥാനത്തിൽ 58 ഡീ-ഫൈബറിംഗ് യൂണിറ്റുകൾ മലബാറിൽ കൊടുത്തിട്ട് 8 എണ്ണം മാത്രമാണ് നടക്കുന്നത്. അത് നടത്തുന്നതിന് ഇപ്രാവശ്യം അതിന്റെ സ്പെയർ പാർട്സ് മാറ്റി വയ്ക്കേണ്ടത് മാറ്റി വയ്ക്കാനുള്ള നടപടികളൊക്കെ എടുക്കുന്നുണ്ട്. Co-operative Defibering Unit കൾ ചകിരി ഇവിടെ തരാതെ തമിഴ്നാട്ടിലെ മുതലാളിമാരുമായി ബന്ധപ്പെട്ടുകൊണ്ട് ചകിരി ആ മുതലാളിമാർക്ക് കൊടുക്കുന്ന സഹകരണ സംഘങ്ങളുമുണ്ട്. അതുകൊണ്ട് സഹകരണസംഘങ്ങൾക്ക് പുറമെ വ്യക്തികൾക്ക് ഡീ-ഫൈബറിംഗ് യൂണിറ്റിന് ലൈസൻസ് കൊടുക്കാൻ തീരുമാനിച്ചിട്ടുള്ളൂ. Private വ്യക്തികൾ ഹരിപ്പാട് നല്ല യൂണിറ്റുകൾ നടത്തുന്നുണ്ട്. അവിടെ ഞാനും മെമ്പറും കൂടി അറ്റൻഡ് ചെയ്തതാണ്. ഒരു പത്ത് പതിനായിരം സ്ത്രീകളാണ് അതിൽ സംബന്ധിച്ചിരുന്നത്. അവർക്ക് ചകിരി കിട്ടാൻ കൂടുതൽ യൂണിറ്റുകൾ കൊടുക്കുന്നതിനാവശ്യമായ നടപടികളെടുത്തിട്ടുണ്ട്. ചകിരി ഇറക്കുന്നതിന് ആലോചിക്കുന്നുണ്ട്. ചകിരിക്ക് അതിന്റേതായിട്ടുള്ള അഡ്വാൻസ് ലൈസൻസും കാണ്ടിറ്റി റെസ്ട്രിക്ഷനുമുണ്ടായിരുന്നു. അതിൽ കയറും പെടുമോ എന്നുള്ളത് കസ്റ്റംസിനോട് ചോദിച്ചിരിക്കുകയാണ്. ഇല്ലായെങ്കിൽ നമുക്ക് നേരിട്ട് ഇറക്കുമതി ചെയ്യുന്നതിന് കേന്ദ്രത്തിന്റെ അംഗീകാരം വേണ്ടിവരും. സബ്സിഡി തരണമെന്ന് നമ്മൾ ആവശ്യപ്പെട്ടിട്ടുണ്ട്. ലക്ഷദ്വീപിൽ നിന്ന് തൊണ്ട് കോഴിക്കോട്ട് അവർ ഇറക്കിത്തരാമെന്ന് പറഞ്ഞിട്ടുണ്ട്. തൊണ്ടെടുത്ത് തല്ലിച്ച് ചകിരിയുണ്ടാക്കുന്നതിനുള്ള നടപടികളാണ്. അതെല്ലാം താമസിക്കുന്നത് എന്താണെന്നുവച്ചാൽ ബഡ്ജറ്റ് പാസ്സാക്കി കിട്ടണം. മൂന്നു മാസമല്ലേ ഉണ്ടായിരുന്നുള്ളൂ. ബഡ്ജറ്റ് പാസ്സാക്കാൻ പോകുന്നതേയുള്ളൂ. എന്നെ സംബന്ധിച്ച് ഏതൊരു വിധത്തിലും ഈ രംഗം ശരിയാക്കാൻ എല്ലാവരുടേയും സഹകരണം ആവശ്യപ്പെടുകയാണ്. പഴയ ധാരണകളഞ്ഞ്, കയർ രംഗത്ത് ലക്ഷക്കണക്കിന് സ്ത്രീകളാണ് ഇപ്രാവശ്യം സെൽഫ് ഹെൽപ്പ് ഗ്രൂപ്പടിസ്ഥാനത്തിൽ ചകിരി പിരിക്കാനുവേണ്ടി അപേക്ഷ തന്നത്. അതുപോലെതന്നെ അഞ്ചുതെങ്ങ് കയർ മാത്രമേ പിരിക്കുകയുള്ളൂ എന്നുള്ള നിർബന്ധം വേണ്ട. ഇന്ന് നമ്മുടെ തീരുമാനമനുസരിച്ച് സി-ഡോട്ട് അവിടെ ഒരു പെർമനന്റ് ട്രെയിനിംഗ് സെന്റർ തുടങ്ങിക്കൊണ്ട് എല്ലാ കയറും പിരിക്കുന്നതിന് കയർത്തൊഴിലാളികളെ സജ്ജമാക്കാനാവശ്യമായ ട്രെയിനിംഗ്

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുന്നതിനുള്ള നടപടികളെടുത്തു. കയർ ഇപ്പോൾ കമ്പ്യൂട്ടറൈസ് ചെയ്ത് ഡിസൈനും ബാക്കിയുള്ളതുമൊക്കെ ചെയ്യുന്നു. ആ വിധത്തിൽ നടപടികളെടുക്കുന്നു. അതുപോലെതന്നെ കേന്ദ്രഗവൺമെന്റും കയർ ബോർഡും നടത്തിയ ഗവേഷണം പോരാത്തതുകൊണ്ട് ഒരു കയർ ഗവേഷണ കേന്ദ്രം തുടങ്ങുന്നതിനുവേണ്ടി ഈ ഗവൺമെന്റ് ഇപ്രാവശ്യം ബഡ്ജറ്റിൽ ഒരു കോടി രൂപ മുടക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. മറ്റുള്ള നടപടികളും എടുക്കുന്നുണ്ട്. പിന്നെ മെമ്പർ പറഞ്ഞത് ഇന്നത്തെ നിലയിൽ പ്ലാസ്റ്റിക്, ജൂട്ട്, സൈസൽ എന്നിങ്ങനെയുള്ള ഉല്പന്നങ്ങൾ കയർ ഫാക്ടറികൾ ചെയ്യുന്നു എന്നുള്ളതാണ്. അത് ചെയ്യാതെ വന്നാൽ കയർ മേഖലയിൽ തൊഴിൽ ഇല്ലാതെ വരും. ഞാൻ മുമ്പൊരിക്കൽ പറഞ്ഞതാണ്. കയർ ഫാക്ടറി എന്നുള്ള ലേബൽ വച്ചിട്ട് ഈ sisal, പ്ലാസ്റ്റിക്ക് jute എന്നിവയുടെ ഉല്പന്നങ്ങളുണ്ടാക്കുന്നു, ആ ഉല്പന്നങ്ങളുണ്ടാക്കുന്നു എന്നുപറയുന്നതിന്റെ അടിസ്ഥാനത്തിൽ ഇവിടെ കൂലി ക്കുറവ് ഉണ്ടായിട്ടില്ല. കൂലി ക്കുറവ് ഉണ്ടായിട്ടുണ്ടെങ്കിൽ അത് പരിശോധിക്കാം. ട്രേഡ് യൂണിയൻ എഗ്രിമെന്റുണ്ട്. സി.എസ്.ആർ.എ.യുടേതായിട്ടുള്ള, നമ്മൾ ഒന്നിച്ച് കൂടിയാലോചിച്ച് തീരുമാനിക്കുന്നതായ സംഘടനകളുണ്ട്. അത് നമ്മൾ നിരോധിച്ചാൽ ഓർഡർ ഇല്ലാതെ വരും. 320 കോടി രൂപയുടെ ഓർഡറിന്റെ ഉല്പന്നങ്ങൾ കയറ്റി അയച്ചിട്ടുണ്ട്. കേരളത്തിൽ തന്നെ ആയിരത്തിൽ ചിലാനം കോടി രൂപയുടെ ഓർഡർ കിട്ടിയിട്ടുണ്ട്. കയറിനും കയർ ഉല്പന്നങ്ങൾക്കും കൂടി വന്നിരിക്കുന്നതാണ് 1320 കോടി രൂപ. എല്ലാ സ്ഥലത്തും കൂടിയാണ്. കേരളം മാത്രമായി കിട്ടിയിട്ടില്ല. ആ വിധത്തിൽ കയർ വ്യവസായം നന്നാക്കുന്നതിനു വേണ്ടി എല്ലാ നടപടികളും എടുക്കും. ഇതിൽ പാർട്ടി വ്യത്യാസമില്ല. തൊഴിലാളി ഏതാണെന്ന് നോക്കാറില്ല. ഈ വ്യവസായം ശരിയാക്കണം. അതിനുവേണ്ടിയുള്ള നടപടികളെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. കമ്മിറ്റി അതിന്റെ പ്രതിനിധികൾ അടക്കമുള്ളവരെയെല്ലാം കൂടി ഒരു കോൺഫറൻസ് വിളിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ നോട്ടീസ് തന്ന് കോൺഫറൻസ് കൂടി വിശദമായ വിധത്തിൽ ചർച്ച ചെയ്യാം.

ശ്രീ. ടി. കെ. ദേവകുമാർ : ഞാൻ ചൂണ്ടിക്കാണിച്ചതിൽ ലിക്വിഡേറ്റ് ചെയ്ത സംഘങ്ങൾക്കും നോട്ടീസ് വന്നതല്ല. അത് ശ്രീമതി ഗൗരിയമ്മ പരിശോധിക്കുമെന്ന് പറഞ്ഞതിൽ സന്തോഷമുണ്ട്. എനിക്ക് ചോദിക്കാനുള്ള ചോദ്യം നിലവിൽ പ്രവർത്തിക്കാനുള്ള സംഘങ്ങൾ അതിൽ ഒരു നമ്പർ പറഞ്ഞു. ആ നമ്പറിനെക്കുറിച്ച് ഞാൻ തർക്കിക്കുന്നില്ല. സംഘങ്ങൾക്ക് കയർ ഡയറക്ടറേറ്റിൽ നിന്ന് കത്ത് പോയതും ഓരോ സംഘത്തിനും റിവൈവ് ചെയ്യാൻ ഒരു സ്കീം സബ്മിറ്റ് ചെയ്യാൻ ഈ സംഘങ്ങളോട് ആവശ്യപ്പെടുകയും സ്കീം പരിശോധിച്ചിട്ട് അതിൽ നിന്നും തെരഞ്ഞെടുക്കാവുന്ന എല്ലാ സംഘങ്ങൾക്കും ഒരു നിർദ്ദേശം കൊടുത്ത് സ്കീം വരുത്തിയതിനു ശേഷം ആ സ്കീം പരിശോധിച്ചുകൊണ്ട് വയബിളായിട്ടുള്ള സ്കീം തെരഞ്ഞെടുക്കുന്നതിന് ഒരു അവസരം സംഘങ്ങൾക്ക് കൊടുക്കാൻ തയ്യാറാകുമോ ?

ശ്രീമതി കെ.ആർ.ഗൗരിയമ്മ : അത് ഞാൻ മുമ്പ് പറഞ്ഞതാണ്. 10-07-2003-ൽ മി. ജോൺ മത്തായി, പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ കോൺഫറൻസ് വിളിപ്പിച്ചിരുന്നു. അതിൽ കയർ സഹകരണ സംഘങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് ഒരു തീരുമാനമെടുത്തു. പുനരുദ്ധരിക്കാവുന്ന കയർ സംഘങ്ങൾ കയർ ഡയറക്ടറേറ്റിൽ റിപ്പോർട്ട് ചെയ്യണം. അത് ഏത് വിധത്തിലാണ് പുനരുദ്ധരിക്കുക, അതിന്റെ ആസ്തിയും ബാക്കിയുള്ളതും ഒക്കെ കണ്ടിട്ട് ഒരു തീരുമാനമെടുക്കുന്നതിനാണ് നോട്ടീസ് വന്നിരിക്കുന്നത്. അല്ലാതെ മറ്റ് വിധത്തിലല്ല. ആരേയും അക്കൂട്ടത്തിൽ ശിക്ഷിക്കണമെന്നില്ല. എന്നാൽ കുറ്റം ചെയ്യുന്ന ആളുകളെ നമ്മൾ വെറുതെ വിടേണ്ട. ആ വിധത്തിൽ പുനരുദ്ധരിക്കാനുള്ള നടപടികളെടുക്കും.

(2) മണ്ണാർക്കാടിലെ ജലസ്രോതസ്സുകളെ കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നതിന് പദ്ധതികൾ നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത.

ശ്രീ. കളത്തിൽ അബ്ദുള്ള : സർ, നീലഗിരി കോയമ്പത്തൂർ മലപ്പുറം ജില്ലകളാൽ ചുറ്റപ്പെട്ട് കിടക്കുന്ന പ്രദേശമാണ് എന്റെ നിയോജകമണ്ഡലം. എന്റെ നിയോജകമണ്ഡലത്തിലൂടെ വാനി, ശിരുവാണി, കുന്തിപ്പുഴ, നെല്ലിപ്പുഴ, മുറിയങ്കണ്ണിപ്പുഴ, കാഞ്ഞിരപ്പുഴ എന്നീ നദികൾ ഒഴുകുന്നു. ഇതിൽ കാവേരി നദിയുടെ പ്രധാനപ്പെട്ട ട്രിബ്യൂട്ടുകളാണ് ഭവാനിപ്പുഴയും ശിരുവാണിപ്പുഴയും. അതുപോലെതന്നെ ഭാരതപ്പുഴയുടെ പ്രധാന ട്രിബ്യൂട്ടുകളാണ് കുന്തിപ്പുഴ, കാഞ്ഞിരപ്പുഴ, നെല്ലിപ്പുഴ. കടലുണ്ടിപ്പുഴയുടെ പ്രധാന ട്രിബ്യൂട്ടാണ് മുറിയങ്കണ്ണിപ്പുഴ. ഈ പുഴകളാൽ സമൃദ്ധമാണ് എന്റെ നിയോജകമണ്ഡലം. എന്റെ നിയോജകമണ്ഡലത്തിലെ വാനി, ശിരുവാണി പുഴ ഒഴുകുന്ന പ്രദേശങ്ങളുടെ മദ്ധ്യഭാഗം കിഴക്കൻ അട്ടപ്പാടിയാണ്. 'വെള്ളം വെള്ളം സർവ്വത്ര വെള്ളം, തുള്ളി കുടിപ്പാനില്ല.' എന്നുപറഞ്ഞപോലെ ഈ നദികളിൽ ജല സമൃദ്ധിയുണ്ടായിട്ടുപോലും ആ പ്രദേശം വരൾച്ചയുടെ പിടിയിലാണ്. 50 കിലോമീറ്ററോളം ഒഴുകിക്കൊണ്ടാണ് കേരളത്തിൽ ഭവാനി നദി എത്തുന്നത്. ഇത് പുതൂർ, ഷോളയൂർ അതുപോലെ അഗളി പഞ്ചായത്തിന്റെ അതിർത്തികളിലൂടെയാണ് ഒഴുകുന്നത്. ഭവാനി നദിയിലടക്കം തന്നെ തമിഴ്നാട് അഞ്ചോളം ഡാമുകൾ കെട്ടിക്കൊണ്ട് വെള്ളം തിരിച്ച് കൊണ്ടുപോയി. കോറക്കുന്ത, ഈസ്റ്റ് കോറക്കുന്ത, എമറാൾഡ്, കുന്ത, അത്തിക്കടവ് എന്നീ സ്ഥലങ്ങളിലാണ് ഡാമുകൾ കെട്ടിയത്. ഇതിൽ ഈസ്റ്റ് കോറക്കുന്തയിലും എമറാൾഡിലും സബ് വേ ഉണ്ടാക്കി ടണലിലൂടെ കുന്താ പ്രോജക്ടിലേക്ക് തമിഴ്നാട് വെള്ളം കൊണ്ടുപോവുകയാണ്. ഇതുകാരണം തന്നെ പുതൂരിലും ഷോളയൂരിലുമൊക്കെ, ഷോളയൂർ പഞ്ചായത്തിൽകൂടി ഒഴുകുന്ന ഭവാനി നദിയിലെ ജലത്തിന്റെ ഉയർച്ച കുറഞ്ഞിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ഭവാനിപ്പുഴയിലെ ചെമ്മണ്ണൂരിലും പാക്കുളത്തും തേക്കുവട്ടയിലും ചാവടിയൂരും രംഗനാഥപുരത്തും ശീങ്കരയിലും അടിയന്തിരമായി ചെക്ക് ഡാമുകൾ കെട്ടണമെന്ന് ഞാൻ പറയുകയാണ്. അതുപോലെ കേരളത്തിലേക്ക് ഒഴുകിവരുന്ന വരകയാർ നദി തമിഴ്നാട് തിരിച്ചുകൊണ്ടുപോയി. അതുകാരണം വരകയാറും വറ്റിയിരിക്കുകയാണ്. കേരളത്തിന്റെ തന്നെ ഏറ്റവും വലിയ നെല്ലുല്പാദന കേന്ദ്രമായ പുതൂർ പഞ്ചായത്ത് ഇന്ന് വരൾച്ച ബാധിത പ്രദേശമായിരിക്കുകയാണ്. അതുകൊണ്ടു തന്നെ വരകയാർ തിരിച്ചുവിട്ട നടപടി ഒന്നുകൂടി വിലയിരുത്തിക്കൊണ്ട് നമ്മുടെ സംസ്ഥാനത്ത് എവിടെയെങ്കിലും ഈ വെള്ളം തിരിച്ചുകൊണ്ടുപോകുന്നുണ്ടോ

LIBRARY ARCHIVES Kerala Legislative Assembly